34M21525 (Pages : 2) Reg. No:.............................

Name:.............................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA/B.Sc Degree Examination, March/April 2021**

**BML4A10 – Malayala Sahithyam – 4**

(2019 Admission onwards)

Time: 2 ½ hours Max. Marks : 80

## Section A

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക**

1. ആഷർ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത ബഷീർ കൃതികളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന്റെ പേരെഴുതുക?
2. "കാലമായധിക,മിന്നൊരക്ഷരം
   പോലു,മായതിൽ മറപ്പതില്ല ഞാൻ" ഏതു കൃതിയിലെ വരികൾ, സന്ദർഭമേത്?
3. 'ഒരു പൊന്നാനിക്കാരന്റെ മനോരാജ്യം' എന്ന കൃതിയുടെ കർത്താവാര്?
4. 1795 ൽ പ്രസിദ്ധീകരിക്കപ്പെട്ട 'സൗന്ദര്യാത്മകവിദ്യാഭ്യാസം' എന്ന ഫ്രഞ്ച് കൃതിയുടെ കർത്താവ് ആര്?
5. എന്തുകൊണ്ടാണ് ആദമിനോട് അറിവിന്റെ ഫലം തിന്നരുത് എന്ന് ജഗദീശ്വരൻ കൽപ്പിച്ചത്?
6. "ഇതുപോലൊരു മനോഹാരിത മറ്റെങ്ങും കണ്ടിട്ടില്ല" എന്ന് കുട്ടികൃഷ്ണമാരാര് അഭിപ്രായപ്പെട്ടത് ഏത് ബഷീർകൃതിയെക്കുറിച്ച്?
7. വേഗത, പ്രാധാന്യത എന്നീ തെറ്റായ പ്രയോഗങ്ങളുടെ ഉചിതമായ രൂപം ഏത്?
8. ആശയവിനിമയ പ്രക്രിയയിലെ 'പ്രാപ്യസ്ഥാനം' എന്നറിയപ്പെടുന്നത് ഏത്?
9. ഭക്ഷണത്തിലെ ജനാധിപത്യത്തിന് അടിസ്ഥാനമായി എം എൻ കാരശ്ശേരി നിർദ്ദേശിക്കുന്നതെന്ത്?
10. എം. ബി. ബി. എസ് കോഴ്സിന്റെ ഭാഗമായി പഠിപ്പിക്കാൻ ഡോ. പി. പവിത്രൻ നിർദ്ദേശിക്കുന്ന നോവൽ ഏത്?
11. നാരായണ ഗുരുസ്വാമി എന്ന കൃതിയുടെ കർത്താവാര്?
12. ഫോൺ, റേഡിയോ എന്നിവയിലെ സങ്കേതചിഹ്നങ്ങൾ ഏതെല്ലാം?
13. മനുഷ്യരല്ലാത്ത ജീവികളിൽ നടക്കുന്ന അവികസിതമായ ആശയവിനിമയ രീതി ഏത്?
14. ഭാഷയ്ക്കു പുറത്തെ ആശയവിനിമയത്തിന് സഹായകമായി അവലംബിക്കാവുന്ന സംഗതികൾ എന്തെല്ലാം?
15. ഓം പ്രകാശ് വാൽമീകി ഏത് ഭാഷയിലെ എഴുത്തുകാരനാണ്?

(2 X 15 = 30 പരമാവധി മാർക്ക് 25)

## Section B

**II.** ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

16. ഉൽഫുല്ലമായ വ്യക്തിത്വമുള്ള ഏതൊരു സർഗാത്മകകൃതിയും അതിനോട് ബന്ധപ്പെട്ടുകൊണ്ടുള്ള ഉപോൽപ്പന്നങ്ങളെ അടിക്കടി ചരിപ്പിച്ചുകൊണ്ടിരിക്കും - ഈ വസ്തുത വിശദീകരിക്കാൻ കെ. പി ശങ്കരൻ നിരത്തുന്ന ഉദാഹരണങ്ങളെന്തെല്ലാം?

17. ആദാമിന്റെ അധഃപതനത്തെ 'ഒരു വൃക്ഷത്തിൽനിന്നു വീഴുന്ന പഴ'മായി ലേഖകൻ ഉദാഹരിക്കുന്നതിലെ വസ്തുതകളെന്തെല്ലാം?

18. ശ്രീനാരായണ ഗുരുവിന്റെ വ്യക്തിത്വ സവിശേഷതകൾ വിവരിക്കുക?

19. എച്ചിൽ എന്ന ആത്മകഥയിലെ സംഭവങ്ങൾ ഇന്ത്യയിൽ നിലനിൽക്കുന്ന ജാതിവിവേചനത്തിന്റെ അടയാളങ്ങളാകുന്നതെങ്ങനെ?

20. താഴെ നൽകിയ വാക്യങ്ങളിൽ അഭംഗിയോ പിഴവോ ഉണ്ടെങ്കിൽ തിരുത്തി എഴുതുക:

എ. അക്രമണങ്ങളും ഭീകരപ്രവൃത്തനങ്ങളും പലയിടത്തും പലസ്ഥലങ്ങളിലും ഒരു പൊതു പ്രവൃത്തനശൈലിയായി മാറിത്തുടങ്ങിയിരിക്കുകയാണ്.

ബി. ഒരു വർഷക്കാലമായി തുടർന്നുപോരുന്ന സാമൂഹിക നിയന്ത്രണങ്ങൾ ഇനിയും കർശനമായി തുടരേണ്ടിവരുന്നതാകുന്നു.

21 മായാസൂചനകൾ എന്ന കവിതയുടെ പരിഭാഷയെക്കുറിച്ച് ഒരു കുറിപ്പെഴുതുക

22 വൈദ്യമാനവികശാസ്ത്രം എന്ന പഠനവിഷയത്തെക്കുറിച്ച് ഡോ. പി പവിത്രൻ മുന്നോട്ടുവെക്കുന്ന നിരീക്ഷണങ്ങളെ വിമർശനാത്മമായി വിലയിരുത്തുക?

23. ഭക്ഷണത്തിലെ ജനാധിപത്യത്തെക്കുറിച്ച് എം. എൻ. കാരശ്ശേരി അവതരിപ്പിക്കുന്ന നിരീക്ഷണങ്ങൾ എന്തെല്ലാം?

(5X 8 = 40 പരമാവധി മാർക്ക് 35)

## Section C

**III.** ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24. ആദാമിന്റെയും ഹവ്വയുടെയും ഐതിഹ്യത്തിന് എം. ഗോവിന്ദൻ കൽപ്പിക്കുന്ന സാമൂഹിക മാനങ്ങൾ എന്തെല്ലാം?

25. നൂറു സിംഹാസനങ്ങൾ എന്ന നോവലിനൊരു ആസ്വാദനം തയ്യാറാക്കുക?

26. പ്രൊഫഷണൽ കോഴ്സുകളിലും ശാസ്ത്രപഠനത്തിലും ഭാഷാ സാഹിത്യ വിഷയങ്ങൾ പഠിപ്പിക്കുന്നതിന്റെ അനിവാര്യതയെക്കുറിച്ച് ഡോ. പി. പവിത്രൻ നടത്തുന്ന വിശകലനങ്ങൾ വിലയിരുത്തുക?

27. ഏതെങ്കിലുമൊരു വിഷയത്തെ ആസ്പദമാക്കി ലേഖനം എഴുതുക:

എ. സൈബർ ലോകത്തിന്റെ സ്വാധീനം സമകാലിക ജീവിതത്തിൽ

ബി. ഇന്ത്യൻ ഭരണഘടനയുടെ സംരക്ഷണം എന്ന ഉത്തരവാദിത്വം

(2X 10 = 20)

1B4M21526 (Pages : 2) Reg. No:.........................

Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA Degree Examination, March/April 2021**

**BML4B05 – Prajeena Madhyakala Malayala Kavitha**

(2019 Admission onwards)

Time: 2 ½ hours Max. Marks : 80

## Section A

**I. ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക**

1. പാട്ടിന്റെ നിർവചനത്തിൽ വൃത്തവിശേഷം എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?
2. തിരുനിഴൽമാലയുടെ രചയിതാവായി കരുതുന്നത്?
3. “മലയ്ക്കുണ്ടായ് വരുമോ കുലുക്കവുമെന്നതോർത്തു” ആര്? ഏതു മല?
4. ഉണ്ണുനീലിയുടെ വീട്ടുപേര്?
5. ആരോട് എതിരിട്ടാണ് ഇരവിക്കുട്ടിപ്പിള്ള വീരസ്വർഗം പ്രാപിക്കുന്നത്?
6. ‘അമ്പത്തൊന്നക്ഷരാളീ’ എന്ന പ്രസിദ്ധ മംഗളാചരണത്തോടെ തുടങ്ങുന്ന ചമ്പുവേത്?
7. ഗാഥ എന്ന വാക്കിന്റെ അർത്ഥം?
8. വഞ്ചിപ്പാട്ടു വൃത്തം എന്നറിയപ്പെടുന്നത്?
9. മഹാഭാരതം കിളിപ്പാട്ടു രചനയ്ക്ക് എഴുത്തച്ഛനു വഴികാട്ടിയും പ്രചോദനവുമായ കേരളീയകവി?
10. രാമപാണിവാദനും നമ്പ്യാരും ഒരാൾതന്നെയാണെന്ന് അഭിപ്രായപ്പെട്ട പണ്ഡിതൻ?
11. “ഭൂതവും വർത്തമാനം ഭാവിയുമറിവില്ലാത്ത

    നീചന്മാരായ ജാതിഹീനന്മാർ നിങ്ങൾ” ആര്, ആരോടു പറയുന്നു?
12. രാമചരിതത്തിന്റെ രചനാലക്ഷ്യമായി ചൂണ്ടിക്കാട്ടുന്നതെന്ത്?
13. മാപ്പിളപ്പാട്ടുകളിലെ വൃത്തരീതിക്ക് പറയുന്ന പേര്?
14. ചമ്പൂകാവ്യങ്ങളിലെ ഗദ്യത്തിന്റെ പ്രധാന പ്രത്യേകതയെന്ത്?
15. ചന്ദ്രവലയം എന്ന വാദ്യോപകരണം വാദനം ചെയ്തു വിഷ്ണുക്ഷേത്രങ്ങളിൽ പാടിവന്നിരുന്ന പാട്ട്?

**(2 X 15 = 30 പരമാവധി മാർക്ക് 25)**

## Section B

**II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.**

16. പാട്ടിന് ലീലാതിലകം നൽകുന്ന നിർവചനം രാമചരിതത്തിൽ എത്രത്തോളം യോജിക്കുന്നുവെന്നു പരിശോധിക്കുക.

17. "നാമെന്തു ചെയ്‌വതെന്തോഴിമാരേ! ചൊൽവിൻ

    വാമനായ് കൂടുമ്പോളീശ്വരന്താൻ?" ആരാണിങ്ങനെ അഭിപ്രായപ്പെടുന്നത്? സന്ദർഭമേത്?

18. "അപ്പോഴൊരു പടുകുലൈക്കാരി വന്നാൻ വസന്തൻ" എപ്പോൾ? ഇങ്ങനെ തോന്നാൻ കാരണമെന്ത്?

19. "നന്മ നമുക്കേതേയുള്ളു ഗുരുകടാക്ഷംകൂടാതെ

    ജന്മസാഫല്യം വരുമോ ജനിച്ചാലാർക്കും?" ആര് ആരോടു പറയുന്നു? സന്ദർഭമേത്?

20. "പത്തിയതിനാൽ മനംമയങ്ങി ഇരവിപിള്ളൈ" മനംമയങ്ങാനുള്ള കാരണമെന്ത്?

21. തുള്ളൽ എത്രവിധം? പ്രത്യേകതകളെന്തെല്ലാം?

22. "നിന്നെ നീ അറിയാഞ്ഞിട്ടെന്തെന്നോടു വിരോധമിപ്പോൾ?" ആരാണിങ്ങനെ പറയുന്നത്? സന്ദർഭമേത്?

23. ഹനുമാൻ സമുദ്രലംഘനത്തിന് കുതിക്കുമ്പോൾ മഹേന്ദ്രപർവ്വതത്തിനു സംഭവിച്ച ദൈന്യം കണ്ണശ്ശൻ അവതരിപ്പിക്കുന്നതെങ്ങനെ?

(5 X 8 = 40 പരമാവധി മാർക്ക് 35)

## Section C

**III ഏതെങ്കിലും രണ്ടു ചോദ്യങ്ങൾ രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. "കണ്ടുകണ്ടിണ്ടൽമുഴുത്ത ഗാന്ധാരി വൈ-

    കുണ്ഠനാം മാധവൻതന്നോടു ചൊല്ലിനാൾ" ചൊല്ലിയതെന്തെല്ലാം?

25. ജാതിവ്യവസ്ഥയുടെ യുക്തിരാഹിത്യം പൊട്ടൻതെയ്യത്തിന്റെ തോറ്റത്തിൽ കടന്നുവരുന്നുണ്ടോ?

26. മാപ്പിളപ്പാട്ടുകളുടെ ഭാഷാപരവും സാംസ്കാരികവുമായ പ്രത്യേകതകൾ ചുരുക്കി അവതരിപ്പിക്കുക.

27. രാമചരിതത്തിൽനിന്ന് കണ്ണശ്ശരാമായണത്തിൽ എത്തുമ്പോൾ ഭാഷാപരമായി സംഭവിക്കുന്ന വ്യതിയാനങ്ങൾ ക്രോഡീകരിക്കുക.

(2ത 10 = 20 മാർക്ക് )

1B4M21527 (Pages : 2) Reg. No:.............................

Name: ...............................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA Degree Examination, March/April 2021**

**BML4B06 – Malayala Novel Sahithyam**

(2019 Admission onwards)

Time: 2 ½ hours Max. Marks : 80

**I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. 2 മാർക്ക് വീതം. പരമാവധി 25 മാർക്ക്**

1. ''എന്റെ വിഷമം കൊണ്ട് ആർക്കുമൊരുപദ്രവവും ഇല്ലല്ലോ. എന്റെ ജന്മം ഇങ്ങനെ കഴിയട്ടെ''. ആരുടെ വാക്കുകൾ? സന്ദർഭം എന്ത്?
2. 'കളിഭ്രാന്ത്, കഥകളി ഭ്രാന്ത്'. ആരുടെ വാക്കുകളാണിത്? ആരോടാണ് ഇങ്ങനെ പറയുന്നത്.
3. ''ഇച്ചിരിനഞ്ഞ് കൊണ്ടുവന്നു തരാ, ഞമ്മളങ്ങ് തിന്ന് ചത്തോട്ടെ. അത് ഇങ്ങക്കൊരു കൊണാവും ''
4. 'ഉമ്മിണി വല്യ ഒന്ന്' എല്ലാവരും അവനെ നോക്കി ചിരിച്ചു. സന്ദഭം വ്യക്തമാക്കുക?
5. 'അഗ്നിപർവ്വതം പൊട്ടിയൊലിക്കാറായി, കാത്തിരുന്നോളു. കാണാത്തതൊക്കെ കാണാം. കേൾക്കാത്തതൊക്കെ കേൾക്കുകയും ചെയ്യാം'. സന്ദർഭമെന്ത്?
6. 'കിളി പോയി തുമ്പി പിടിയ്ക്കു'ആരുടെ വാക്കുകൾ ? സന്ദർഭമെന്ത്?
7. ''പുലി മറഞ്ഞ തൊണ്ടച്ചൻ. തൊണ്ടച്ചനറീന്നത് പോലെ വേറെ ആരിക്കും ഓളെ അറീല'' ആരെക്കുറിച്ചാണിവിടെ പരാമർശിക്കുന്നത്? സന്ദർഭമെന്ത്?
8. നാരായന്റെ 'കൊച്ചരേത്തി' എന്ന നോവലിന്റെ പ്രമേയം എന്ത്?
9. കേശവദേവിന്റെ 'ഭ്രാന്താലയം' എന്ന നോവലിലെ സഹോദരങ്ങളായ റഹീമിന്റെയും, അബ്ദുവിന്റെയും ചിന്താധാരയിൽ ഉള്ള വൈചിത്ര്യമെന്ത്?
10. ''ഉമ്മാച്ചുവിന് ഒരു പ്രതികാരം ചെയ്ത സുഖം തോന്നി. മേലാൽ കാലണ കൊടുത്ത് പോകരുതെന്ന് ബീരാനു താക്കീത് നല്കി. അവൾ ആ സുഖം പൂർണ്ണമാക്കി''– സന്ദർഭവും സാഹചര്യവും എഴുതുക.
11. എടാ, കുരുത്തംകെട്ട കഴുവേറി, തെമ്മാടി, ശിന്നനെ മദിരാശിയ്ക്ക് അയച്ചുവോ? എടാ! ആരുടെ വാക്കുകൾ? സന്ദർഭമെന്ത്?
12. ''തലീ തട്ടം പോടെറീ'' ആര് ആരെയാണ് ഇങ്ങനെ ശാസിച്ചത്? ശാസനയ്ക്കുള്ള കാരണമെന്ത്?
13. ''ചിലർക്ക് കണ്ടാൽ മനസ്സിലാവില്ല ഏട്ടാ, കേട്ടാലും മനസ്സിലാവില്ല; അനുഭവിച്ചറിയണം. അങ്ങനെ അനുഭവിച്ചോരടെ കഥയാ ഇത്. ഏട്ടത്തിയോട് ചോദിച്ചു നോക്കൂ .'' ആരുടെ വാക്കുകളാണിത്? എന്തിനെക്കുറിച്ചായിരുന്നു പരാമർശം?
14. 'നിന്റെ ശങ്ക് ഞാൻ ചവുട്ടി വെള്ളമാക്കും! മനസ്സിലായോടീ? – ഇല്ല!' ആരുടെ വാക്കുകൾ? ഇങ്ങനെ പറയാനുള്ള സാഹചര്യം എന്തായിരുന്നു?

15. ശരീരവും മനസ്സും വ്രണപ്പെട്ട പോല വേദനയുള്ള എനിയ്ക്ക് - കിടന്നുറങ്ങാൻ എങ്ങനെ സാധിക്കും. ആരുടെ വാക്കുകൾ? ഇങ്ങനെ പറയാനുള്ള കാരണമെന്ത്?

**II. ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 5 മാർക്ക് വീതം 8 ചോദ്യങ്ങൾ. പരമാവധി 35 മാർക്ക്**

16. 'കുറച്ച് കഴിഞ്ഞപ്പോൾ ആ മുറിയിൽ നിന്നും രണ്ട് ശവങ്ങൾ പുറത്തേക്കെടുത്തു കൊണ്ടുപോയി'' - നോവലിസ്റ്റ് വിവരിക്കുന്ന ഈ സംഭവം എന്താണ്?

17. നൈസാമലിയുടെ സ്വഭാവം നിരൂപണം ചെയ്യുക.

18. സി.വി.യുടെ മാർത്താണ്ഡവർമ്മ എന്ന നോവലിന് ചരിത്രാഖ്യായിക എന്ന നിലയ്ക്ക് എത്ര മാത്രം പ്രാധാന്യമുണ്ട്? വിലയിരുത്തുക.

19. ഇന്ദുലേഖയിലെ പതിനെട്ടാം അധ്യായം കഥാപ്രവാഹത്തെ പ്രതിരോധിക്കുന്ന ഒരു ശിലാഖണ്ഡമാണെന്ന അഭിപ്രായം പരിശോധിക്കുക.

20. ആഖ്യാനശൈലിയുടെയും ഭാഷയുടെയും പ്രയോഗരീതി കൊണ്ട് നാരായന്റെ മറ്റു രചനകളിൽ നിന്നും വ്യത്യസ്തമാണ് കൊച്ചരേത്തി.

21. 'ഞാൻ പറഞ്ഞില്ലേ എന്നോടാരും ചോദിച്ചില്ലെന്ന്, പിന്നെ ഞാനൊര് ഭാരമായി എത്രനാൾ കഴിയും? ഞാനൊരു സ്ത്രിയല്ലേ ' സ്ത്രീയെക്കുറിച്ചുള്ള സുഹറയുടെ ഈ കാഴ്ചപ്പാടിനെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു?

22. ചരിത്രങ്ങളും മിത്തുകളുമൊളിപ്പിച്ച, പ്രാചീനമായ ഒരു ഗ്രാമമായിരുന്നു ഖസാക്ക് - വിശദമാക്കുക.

23. 'ഭ്രാന്താലയം' എന്ന നോവലിലൂടെ മതഭ്രാന്തിന്റെ ഇടയിലും അനുരാഗ്തിന്റെയും പട്ടിണിയുടെയും മുഖങ്ങൾ നമുക്ക് വിവരിച്ചു തരുവാൻ നോവലിസ്റ്റ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. വിശദമാക്കുക.

**III. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. ഇന്ദുലേഖയിലൂടെ ചന്തുമേനോൻ ലക്ഷ്യമാക്കിയത് കേരളത്തിന്റെ തകരുന്ന ഫ്യൂഡൽ വ്യവസ്ഥയെയും, ഉയരുന്ന ദേശീയ മുതലാളിത്തത്തെയും ചിത്രീകരിക്കുകയായിരുന്നു - ശരിയോ?

25. നമ്പൂതിരി ഇല്ലങ്ങളിൽ തളം കെട്ടി നിന്ന ആത്തേമ്മമാരുടെ ഏകാന്തതയും ദുഃഖങ്ങളും ഗദ്ഗദങ്ങളും വിഷാദത്തുടിപ്പുകളും 'അഗ്നിസാക്ഷി' എന്ന നോവലിൽ എത്രത്തോളം പ്രതിഫലിക്കുന്നുണ്ടെന്ന് വിശദമാക്കുക.

26. ഹൃദയസ്പർശയായ ഒരു പ്രണയകഥയാണ് ഉമ്മാച്ചു - വിശദീകരിക്കുക.

27. തമസ്കരിക്കപ്പെട്ട കലാപങ്ങളുടെയും, വിലാപങ്ങളുടെയും ചരിത്രമാണ് പുലയപ്പാട്ട് -വിശദമാക്കുക.

(2X 10 = 20)

34M21528 (Pages : 1) Reg. No:……………………….

Name: ……………………….

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA Degree Examination, March/April 2021**

**BML4C04 – Kerala Padanam Adunika Keralam**

(2019 Admission onwards)

Time: 1 ½ hours Max. Marks : 40

**I. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

1. യോഗക്ഷേമസഭയുടെ രൂപീകരണലക്ഷ്യം എന്തായിരുന്നു?
2. കേരളത്തിലെ പത്രപ്രവർത്തനചരിത്രത്തിൽ വക്കം അബ്ദുൾഖാദർ മൗലവിയുടെ സ്ഥാനമെന്ത്?
3. ജാതിനശീകരണം എന്ന ലക്ഷ്യത്തിനായി സഹോദരൻ അയ്യപ്പൻ സ്വീകരിച്ച മാർഗ്ഗങ്ങളെന്തെല്ലാം?
4. ഈഴവമെമ്മോറിയൽ എന്തിനുവേണ്ടിയുള്ളതായിരുന്നു?
5. സോപാനസംഗീതം എന്നാൽ എന്ത്?
6. നിവർത്തന പ്രക്ഷോഭണത്തിനു കാരണമെന്തായിരുന്നു?

(6x2 = 12 പരമാവധി 10 മാർക്ക്)

**II. താഴെപ്പറയുന്നവയെക്കുറിച്ച് ഒരു ഖണ്ഡികയിൽ കവിയാതെ കുറിപ്പെഴുതുക**

7. ശ്രീനാരായണഗുരു
8. ക്ഷേത്രപ്രവേശനവിളംബരം
9. വൈക്കം സത്യാഗ്രഹം
10. വിമോചനസമരം
11. ഗ്രന്ഥശാലാപ്രസ്ഥാനം
12. മന്നത്ത് പത്മനാഭൻ

(6 x 4 = 24 പരമാവധി 20 മാർക്ക്)

**III. ഏതെങ്കിലും ഒരു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

13. ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, അയ്യൻകാളി എന്നിവർ കേരളീയ നവോത്ഥാനത്തിനു നൽകിയ സംഭാവനകൾ ക്രോഡീകരിക്കുക
14. കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രം സംഗ്രഹിക്കുക

(1 x 10 = 10 മാർക്ക്)

46

1B4M21535 (Pages : 1). Reg. No:…………………………..

Name: …………………………..

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA Malayalam Degree Examination, March/April 2021**

**BJS4C04 – Corporate Communication and Advertising**

(2019 Admission onwards)

Time: 1 ½ hours Max. Marks : 40

**Section A**

**All questions may be answered. Each question carries 2 marks.**

1. PRSI
2. Code of ethics
3. Corporate communication
4. Ad campaign
5. Surrogate advertising.
6. Copy writing
7. Slogan

**Ceiling: 10 marks**

**Section B**

**All questions may be answered. Each question carries5 marks.**

8. ASCI
9. Internal public
10. Types of Ads
11. What are the various elements of a print display advertising copy?
12. Discuss various effects of television advertising on children

**Ceiling: 20 marks**

**Section C (essay)**

**Answer any one of the following question.**

13. Discuss various PR tools used by Public Relation experts.
14. Explain functions and effects of advertising.

**(1 x 10=10 marks)**